## പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1356 — 03.12.2015 ൽ മറുപടിയ്ക്ക്

### അവശ്യസാധനങ്ങളുടെ വിലവർധനവ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ഹംസ | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് അവശ്യസാധനങ്ങളുടെ വിലക്കയറ്റം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; | (എ) ചില ഇനങ്ങൾക്ക് വർദ്ധനവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരളം ഒരു ഉപഭോക്തൃ സംസ്ഥാനമാണ്. അന്യ സംസ്ഥാനങ്ങളിലുണ്ടാകുന്ന അവശ്യ സാധനങ്ങളുടെ ദൗർലഭ്യം, വിളനാശം, കാലാവസ്ഥാ വ്യതിയാനം, കടത്തുകൂലി വർദ്ധനവ് മുതലായ കാരണങ്ങളാൽ കേരളത്തിൽ നിത്യോപയോഗ സാധനങ്ങൾക്ക് വില വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ഉൽപാദക സംസ്ഥാനങ്ങളിൽ ഉൽപാദനം കുറഞ്ഞതുമൂലം മുളകിനും പയറുവർഗ്ഗങ്ങൾക്കും പ്രത്യേകിച്ച് ഉഴുന്ന്, തുവര, കടല, എന്നിവയുടെ വിലകൾ വർദ്ധിച്ചിട്ടുണ്ട്. എന്നിരുന്നാലും സപ്ലൈകോ വിപണിയിൽ ഫലപ്രദമായി ഇടപെടുന്നതുമൂലം ജനങ്ങൾക്ക് ആശ്വാസം ലഭിക്കുന്നുണ്ട്. |
| (ബി) വില വർദ്ധന നിയന്ത്രിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്നു വ്യക്തമാക്കാമോ ; | (ബി) വിപണിയിലുണ്ടാകുന്ന വിലവർദ്ധന പിടിച്ചു നിർത്തുന്നതിനും അതുവഴി പൊതുജനങ്ങൾക്ക് ആശ്വാസമേകുന്നതിനായും സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേനയുള്ള വിപണിയിടപെടൽ പദ്ധതി കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു. ഇതിലേക്കായി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചു വരുന്നു.<br>(1). നിത്യോപയോഗ സാധനങ്ങളുടെ ലഭ്യത ഉറപ്പു വരുത്തുന്നതിനും വില നിലവാരം പിടിച്ചു നിർത്തുന്നതിനും വേണ്ടി 13 ഇനം അവശ്യ സാധനങ്ങൾ സബ്സിഡി വിലയിൽ സപ്ലൈകോ വിൽപ്പനശാലകൾ വഴി വിറ്റുവരുന്നു.<br>2). അരിയും, പലവ്യഞ്ജനങ്ങളും കൂടാതെ FMCG സാധനങ്ങൾ മാർക്കറ്റ് വിലയേക്കാൾ കുറഞ്ഞ ചെലവിൽ ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നു.<br>3). യഥാർത്ഥ ഉപഭോക്താവിന് അവശ്യ സാധനങ്ങൾ ലഭ്യമാക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിന് അവയുടെ വിൽപ്പന റേഷൻ കാർഡുകൾ വഴി നിയന്ത്രിക്കുകയും അതുവഴി അവശ്യ സാധനങ്ങളുടെ ദുരുപയോഗ സാധ്യത തികച്ചും ഇല്ലാതാക്കുകയും ചെയ്യു. |

4). കൂടാതെ പൊതുജനങ്ങൾക്ക് സബ്സിഡി സാധനങ്ങൾ അനുവദനീയമായ അളവിൽ ലഭിക്കുന്നു എന്ന് ഉറപ്പാക്കാൻ എല്ലാ മാവേലി സൂപ്പർ മാർക്കറ്റ് തലത്തിലും ഉപഭോക്തൃ കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തിച്ച് വരുന്നുണ്ട്.

5). ഗോതമ്പ് പൊടിയുടെ വില വർദ്ധന തടയുന്നതിനായി സപ്ലൈകോ വിൽപ്പനശാലകൾ, റേഷൻ കടകൾ എന്നിവ വഴി ഫോർട്ടിഫൈഡ് ആട്ട ഒരു കിലോ പാക്കറ്റിന് 15 രൂപ നിരക്കിൽ വിതരണം നടത്തി വരുന്നു.

6). പൊതുവിപണിയിലേതിനേക്കാൾ 20% മുതൽ 30% വരെ വിലക്കുറവിൽ തേയില, കാപ്പിപൊടി, കറിപൗഡറുകൾ, കായം, വാളൻപുളി, ഏലം, അപ്പംപൊടി, പുട്ടുപൊടി, മഞ്ഞൾപൊടി എന്നിവ ശബരി എന്ന പേരിൽ വിപണിയിൽ വിൽപ്പന നടത്തി വരുന്നു.

7). ഉത്സവകാലങ്ങളിൽ വില വർദ്ധന നിയന്ത്രിക്കാൻ പ്രത്യേക ഉത്സവകാല ചന്തകൾ നടത്തിവരുന്നു.

ഇത്തരത്തിൽ വിപണിയിൽ കുറഞ്ഞ വിലയ്ക്ക് സ്റ്റോക്ക് എത്തിച്ച് വിലവർദ്ധന ഉണ്ടാകാവുന്ന എല്ലാ സാഹചര്യങ്ങളും ഒഴിവാക്കുന്നതിനുള്ള നടപടി കളെടുത്തുവരുന്നുണ്ട്.

(സി) ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര തുകയാണ് ഓരോ വർഷവും അവശ്യ സാധനങ്ങളുടെ വില നിയന്ത്രണത്തിനായി ചെലവഴിച്ചതെന്ന് വ്യക്തമാക്കുമോ ; ഏതെല്ലാം സ്ഥാപനങ്ങൾക്കാണ് പ്രസ്തുത തുക നൽകിയത് ; വിശദാംശം ലഭ്യമാക്കാമോ ?

(സി) സിവിൽ സപ്ലൈസ് കോർപ്പറേഷന് മാർക്കറ്റിടപെടൽ പദ്ധതിയുടെ നടത്തിപ്പിനായി ഓരോ വർഷവും സർക്കാരിൽ നിന്നും ലഭിച്ച ധനസഹായത്തിന്റെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. സഹകരണ വകുപ്പിന്റെ കൺസ്യൂമർ ഫെഡിനെ സംബന്ധിച്ചുള്ള വിവരങ്ങൾ അനുബന്ധം 2 ആയും, കൃഷി വകുപ്പിനു കീഴിലുള്ള സ്ഥാപനങ്ങളെ സംബന്ധിച്ച വിവരങ്ങൾ അനുബന്ധം 3 ആയും ചേർക്കുന്നു.

സെക്ഷൻ ഓഫീസർ

## അനുബന്ധം - 1

| ക്രമ നമ്പർ | വർഷം | സർക്കാരിൽ നിന്നും നൽകിയ ധനസഹായം | ബഡ്ജറ്റിൽ നീക്കിവെച്ച തുക (കോടിയിൽ) |
|---|---|---|---|
| 1 | 2011 - 2012 | 118.35 | 50.00 |
| 2 | 2012 - 2013 | 135.00 | 50.00 |
| 3 | 2013 - 2014 | 116.02 | 60.00 |
| 4 | 2014 - 2015 | 70.00 | 65.00 |
| 5 | 2015 – 2016 (സെപ്റ്റംബർ വരെ) | 64.00 | 65.00 |
| ആകെ | | **503.37** | **290.00** |

Beena

സെക്ഷൻ ഓഫീസർ

# അൻബന്ധം - 2

## കൺസ്യൂമർ ഫെഡിന് നൽകിയ ധന സഹായം

| ക്രമ നമ്പർ | വർഷം | സർക്കാരിൽ നിന്നും നൽകിയ ധനസഹായം (കോടിയിൽ) |
|---|---|---|
| 1 | 2011 - 2012 | 30.00 |
| 2 | 2012 - 2013 | 69.50 |
| 3 | 2013 - 2014 | 80.00 |
| 4 | 2014 - 2015 | 50.00 |
| 5 | 2015 – 2016 | 25.00 |
| ആകെ | | **254.50** |

Beena

സെക്ഷൻ ഓഫീസർ

# അനുബന്ധം - 3

## കൃഷി വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങൾക്ക് നൽകിയ ധന സഹായം

| ക്രമ നമ്പർ | വർഷം | സ്ഥാപനങ്ങൾ | തുക (ലക്ഷത്തിൽ) |
|---|---|---|---|
| 1 | 2011 - 2012 | ജില്ലകൾക്ക് - ഓണം ഫെയർ | 54.00 |
| | | വി.എഫ്.പി.സി.കെ | 35.00 |
| | | ഹോർട്ടികോർപ്പ് | 80.00 |
| | | സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ | 15 |
| 2 | 2012 - 2013 | ഹോർട്ടികോർപ്പ് | 1133.54 |
| | | വി.എഫ്.പി.സി.കെ | 560.00 |
| | | കേര ഫെഡ്- കേര വെളിച്ചെണ്ണ | 223.46 |
| 3 | 2013 - 2014 | ഹോർട്ടികോർപ്പ് | 1500.00 |
| 4 | 2014 - 2015 | ഹോർട്ടികോർപ്പ് | 547.83577 |
| | | വി.എഫ്.പി.സി.കെ | 25.00 |
| | | കേര ഫെഡ് | 25.00 |
| | | എം.പി.ഐ | 25.00 |
| | | കെപ്കോ | 25.00 |
| | | കേരള ഫീഡ്സ് | 1.58012 |
| | | കെ.എൽ.ഡി. ബോർഡ് | 0.58411 |
| 5 | 2015 – 2016 | ഹോർട്ടികോർപ്പ് | 700.00 |

Beena

സെക്ഷൻ ഓഫീസർ